പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2175. 07.12.2015 ൽ മറുപടിയ്ക്ക്.

## ടിപ്പർ ലോറികൾ മൂലമുള്ള അപകടങ്ങൾ

| ചോദ്യം<br>ശ്രീ. ചിറ്റയം ഗോപകുമാർ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ടിപ്പർ ലോറികൾ മൂലമുള്ള അപകടങ്ങളിൽ എത്ര മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന ഇക്കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ടിപ്പർ ലോറികളുടെ അമിത വേഗത മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിന് നിലവിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) | കേരളത്തിലെ എല്ലാ ടിപ്പർലോറികളിലും പ്രവർത്തന ക്ഷമമായ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ, സ്കൂൾകുട്ടികളും മറ്റു യാത്രക്കാരും കൂടുതൽ യാത്ര ചെയ്യുന്ന രാവിലെ 9 മണി മുതൽ 10 മണി വരെയും വൈകിട്ട് 4 മുതൽ 5 വരെയും ഓരോ മണിക്കൂർ വീതം ടിപ്പർ വാഹനങ്ങൾ നിരത്തിലിറക്കരുതെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്. സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും ചില ടിപ്പർ ലോറികൾ അത് കേടു വരുത്തി വേഗതാ പരിധി പാലിക്കാതെ ഓടുന്നതുമൂലം |

| | | | |
|---|---|---|---|
| | | | അപകടങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് വകുപ്പിലെ എല്ലാ ഉദ്യോഗസ്ഥർക്കും അവരവരുടെ അധികാരപരിധിയിലെ സ്ഥലങ്ങളിൽ പരിശോധന നടത്തി കേന്ദ്ര മോട്ടോർ വാഹന ചട്ടം 118 അനുസരിച്ച് സ്പീഡ് ഗവർണറുകൾ സീൽ ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

## അനുബന്ധം

| | |
|---|---|
| തിരുവനന്തപുരം സിറ്റി | 18 |
| തിരുവനന്തപുരം റൂറൽ | 42 |
| കൊല്ലം സിറ്റി | 17 |
| കൊല്ലം റൂറൽ | 31 |
| പത്തനംതിട്ട | 35 |
| ആലപ്പുഴ | 53 |
| കോട്ടയം | 65 |
| ഇടുക്കി | 21 |
| എറണാകുളം സിറ്റി | 43 |
| എറണാകുളം റൂറൽ | 114 |
| തൃശ്ശൂർ സിറ്റി | 25 |
| തൃശ്ശൂർ റൂറൽ | 43 |
| പാലക്കാട് | 39 |
| മലപ്പുറം | 116 |
| കോഴിക്കോട് സിറ്റി | 31 |
| കോഴിക്കോട് റൂറൽ | 59 |
| വയനാട് | 11 |
| കണ്ണൂർ | 44 |
| കാസർഗോഡ് | 20 |
| ആകെ | 827 |